**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18-01-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അസമിലെ കാലിയബോറിൽ ആറായിരത്തി 950 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കാസിരംഗ എലിവേറ്റഡ് കോറിഡോർ പദ്ധതിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു.

**Prime Minister Narendra Modi laid the foundation stone of the Kaziranga Elevated Corridor project, which is expected to cost over Rs 6,950 crore, in Kaliabor, Assam.**

2. രാജ്യത്തെ കരകൗശല വിദഗ്ധരെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന പിഎം വിശ്വകർമ ഹാത്ത് 2026 നു ന്യൂഡൽഹിയിൽ തുടക്കം.

**PM Vishwakarma Haat 2026, organized with the participation of artisans of the country, begins in New Delhi.**

3. ഇൻഡിഗോ എയർലൈൻസിന് 22 കോടി 20 ലക്ഷം രൂപ പിഴ ചുമത്തി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ.

**Directorate General of Civil Aviation imposes a fine of Rs 22.20 crore on IndiGo Airlines.**

4. ഇറാനിൽ അയത്തൊള്ള ഖമേനിയുടെ 37 വർഷത്തെ ഭരണം അവസാനിപ്പിക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**Directorate General of Civil Aviation imposes a fine of Rs 22.20 crore on IndiGo Airlines.**

5. കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവം നാളെ മുതൽ അടുത്ത മാസം മൂന്നുവരെ തിരുനാവായയിൽ നടക്കും.

**The first Mahamagha Mahotsav, which is being described as the Kerala Kumbh Mela, will be held in Thirunavaya from tomorrow to the third of next month.**

6. ഇന്ത്യ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം അൽപ സമയത്തിനകം ഇൻഡോറിൽ ആരംഭിക്കും.

**The third and final match of the India-New Zealand ODI cricket series will begin in Indore shortly.**

&&&&&&&&&&&&&&&&&

## PM - ASSAM/WB PROJECTS

അസമിലെ നാഗോൺ ജില്ലയിലെ കാലിയബോറിൽ ആറായിരത്തി 950 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കാസിരംഗ എലിവേറ്റഡ് കോറിഡോർ പദ്ധതിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. 86 കിലോമീറ്റർ നീളമുള്ള ഈ എലിവേറ്റഡ് കോറിഡോർ പരിസ്ഥിതി സൗഹൃദ ദേശീയ പാത പദ്ധതിയാണ്. കാസിരംഗ ദേശീയോദ്യാനത്തിലൂടെ കടന്നുപോകുന്ന 35 കിലോമീറ്റർ എലിവേറ്റഡ് വന്യജീവി ഇടനാഴി ഇതിൽ ഉൾപ്പെടും. പാർക്കിന്റെ സമ്പന്നമായ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം പ്രാദേശിക കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&

## KAZIRANGA (INTRO)

കാസിരംഗ വെറുമൊരു ദേശീയോദ്യാനമല്ല, മറിച്ച് അസമിന്റെ ആത്മാവാണെന്ന് കാലിയബോറിൽ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസാരിക്കവെ പ്രധാനമന്ത്രി പറഞ്ഞു. യുനെസ്കോ കാസിരംഗയെ ലോക പൈതൃക കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ടെന്നും സമീപ വർഷങ്ങളിൽ കാസിരംഗയിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരികയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&

# PM VISHWAKARMA HAAT (INTRO)

പിഎം വിശ്വകർമ്മ പദ്ധതി പ്രകാരം കരകൗശല വിദഗ്ധരെ പങ്കെടുപ്പിച്ചു സംഘടിപ്പിക്കുന്ന പിഎം വിശ്വകർമ്മ ഹാത്ത് 2026 ന് ന്യൂഡൽഹിയിൽ തുടക്കം. രാജ്യത്തിന്റെ സമ്പന്നമായ പരമ്പരാഗത കരകൗശല വൈദഗ്ധ്യ പൈതൃകം ആഘോഷിക്കാനും പ്രദർശിപ്പിക്കാനും ലക്ഷ്യമിട്ടാണ് പിഎം വിശ്വകർമ്മ ഹാത്ത് സംഘടിപ്പിക്കുന്നത്.
ഒരു റിപ്പോർട്ട്

(VOICE)

രാജ്യത്തെ കരകൗശല വിദഗ്ധർക്ക് അവരുടെ കരകൗശല ഉൽപ്പന്നങ്ങൾ ദേശീയ, അന്തർദേശീയ വിപണിയിൽ പ്രദർശിപ്പിക്കാനും വിൽക്കാനുമുള്ള പ്രമുഖ വേദിയാണ് പിഎം വിശ്വകർമ്മ ഹാത്ത്. രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 117-ലധികം കരകൗശല വിദഗ്ധർ പരിപാടിയിൽ പങ്കെടുക്കും. പിഎം വിശ്വകർമ്മ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിപണി വർദ്ധിപ്പിക്കാനും സുസ്ഥിരമായ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കാനും പ്രദർശനം സഹായിക്കും. നിരവധി വിദേശ പ്രതിനിധികളെ പ്രധാനമന്ത്രി വിശ്വകർമ്മ ഹാത്തിലേക്കു ക്ഷണിച്ചിട്ടുണ്ട്. ഈ മാസം 31 ന് പരിപാടി അവസാനിക്കും, രാവിലെ 10:30 മുതൽ രാത്രി 10:00 വരെയാണ് പ്രദർശനം.

ന്യൂസ് ഡസ്ക് ആകാശവാണി...

&&&&&&&&&&&&&&&&&

# DGCA - PENALTY

കഴിഞ്ഞ മാസം ആദ്യവാരത്തിൽ ഉണ്ടായ വിമാനം റദ്ദാക്കൽ, വൈകി പുറപ്പെടൽ, എന്നിവയെത്തുടർന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇൻഡിഗോ എയർലൈൻസിന് 22 കോടി 20 ലക്ഷം രൂപ പിഴ ചുമത്തി. ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിയോഗിച്ച നാലംഗ സമിതിയുടെ വിശദമായ വിലയിരുത്തലിന് ശേഷമാണ് നടപടി.

&&&&&&&&&&&&&&&&&

## PARLIAMENT - BUDGET

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

&&&&&&&&&&&&&&&&&&

## JEE

ജെ. ഇ. ഇ. മെയിൻ ഒന്നാം സെഷൻ പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ ദേശീയ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഈ മാസം 21 നും 24 നും ഇടയിൽ ബി.ഇ., ബി.ടെക് പേപ്പർ ഒന്ന് എഴുതുന്നവരുടെ അഡ്മിറ്റ് കാർഡാണ് പുറത്തിറക്കിയത്. jeemain.nta.nic.in എന്ന വെബ്സൈറ്റിൽ നിന്ന് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം.

&&&&&&&&&&&&&&&&&&

## INDIA JAPAN COAST GUARD

ഇന്ത്യയുടെയും ജപ്പാന്റെയും തീര സംരക്ഷണ സേനകൾ മുംബൈയിൽ സംയുക്ത പരിശീലനം നടത്തി. ഇന്തോ-പസഫിക് മേഖലയോടുള്ള ഇരു രാജ്യങ്ങളുടെയും ശക്തമായ സമുദ്ര പങ്കാളിത്തവും പ്രതിബദ്ധതയും ഊട്ടിയുറപ്പിക്കുന്നതായിരുന്നു പരിശീലനം. ഇതോടനുബന്ധിച്ച് ജപ്പാൻ തീര സംരക്ഷണ സേന കമാൻഡന്റിൻറെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധി സംഘം ഇന്നലെ ഇന്ത്യൻ തീര സംരക്ഷണ സേന റീജിയണൽ ഹെഡ്ക്വാർട്ടേഴ്സ് സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

## TRUMP - IRAN LEADERSHIP

ഇറാനിൽ അയത്തൊള്ള ഖമേനിയുടെ 37 വർഷത്തെ ഭരണം അവസാനിപ്പിക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. രാജ്യത്ത് അക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടതിന് ഖമേനിയെ അദ്ദേഹം കുറ്റപ്പെടുത്തി. ഇറാനിൽ

പ്രതിഷേധക്കാരെ ശിക്ഷിക്കുമെന്ന് ഖമേനി പറഞ്ഞതിന് പിന്നാലെയാണ് ട്രംപിന്റെ പരാമർശം. അതേസമയം, രാജ്യത്തിന്റെ പ്രതിസന്ധിയിലായ സമ്പദ്‌വ്യവസ്ഥയ്ക്കെതിരെ ഡിസംബർ 28 ന് പൊട്ടിപ്പുറപ്പെട്ട പ്രതിഷേധങ്ങൾ അടിച്ചമർത്താൻ ശക്തമായ നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് ഇറാനിൽ സമാധാനാന്തരീക്ഷം തിരിച്ചെത്തുകയാണ്.

&&&&&&&&&&&&&&&&&

## CRICKET- IND vs NZ

ഇന്ത്യ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയ ത്തിൽ ഉച്ചയ്ക്ക്1:30 ന് മത്സരം ആരംഭിക്കും. ഇരുവരും ഓരോ കളികൾ ജയിച്ച് പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

&&&&&&&&&&&&&&&&&

## KERALA KUMBHAMELA

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവം നാളെ മുതൽ ഫെബ്രുവരി മൂന്നുവരെ തിരുനാവായയിൽ നടക്കും. മാഘ ഗുപ്ത നവരാത്രി ആരംഭദിനമായ നാളെ രാവിലെ 11-ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധ്വജാരോഹണം നടത്തി മേള ഉദ്ഘാടനം ചെയ്യും. നാവാമുകുന്ദ ക്ഷേത്രപരിസരത്തും ഭാരതപ്പുഴയിലും ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണ്.

&&&&&&&&&&&&&&&&&

## UP - MAUNI AMAVASYA

ഉത്തർപ്രദേശിൽ, മൗനി അമാവാസിയോയോടനുബന്ധിച്ച് ലക്ഷക്കണ ക്കിന് ഭക്തർ ഇന്ന് നദികളിൽ പുണ്യസ്നാനം നടത്തുന്നു. പ്രയാഗ്‌രാജിലെ ത്രിവേണി സംഗമത്തിൽ നടക്കുന്ന മാഘമേളയുടെ മൂന്നാമത്തെ സ്നാന മാണിത്. താൽക്കാലിക പാലങ്ങൾ, ടെന്റുകൾ, സുരക്ഷാ ചെക്ക് പോയിന്റു കളടക്കം തീർത്ഥാടകർക്കായി അധികൃതർ പ്രത്യേക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഇന്നലെ ഒരു കോടി 50 ലക്ഷം ആളുകളാണ് ഇവിടെ പുണ്യസ്നാനം നടത്തിയത്.

&&&&&&&&&&&&&&&&&&

## EU-SOUTH AMERICA DEAL (INTRO)

യൂറോപ്യൻ യൂണിയനും ദക്ഷിണ അമേരിക്കൻ ബ്ലോക്കായ മെർകോസറും പരാഗ്വേയിലെ അസുൻസിയോണിൽ വളരെക്കാലമായി മുടങ്ങിക്കിടന്ന സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവച്ചു. കരാറിനെ ഭൗമരാഷ്ട്രീയ വിജയമായി വിശേഷിപ്പിച്ച യൂറോപ്യൻ കമ്മീഷൻ പ്രസിഡൻ്റ് ഉർസുല വോൺ ഡെർ ലെയ്ൻ, ഇരു മേഖലകളുടെയും കയറ്റുമതി, വളർച്ച, തൊഴിലവസരങ്ങൾ എന്നിവ വർദ്ധിക്കുമെന്നും പറഞ്ഞു.

(VOICE)

&&&&&&&&&&&&&&&&&&

## DISCUSSION

കേന്ദ്ര സർക്കാരിൻ്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുക യാണ് ലക്ഷ്യം. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ചുള്ള ചർച്ചയുടെ ആദ്യഭാഗം ഇന്ന് രാത്രി 11 മണിക്ക് കേൾക്കാം.

&&&&&&&&&&&&&&&&&&

## BANGLADESH - PROTEST

ബംഗ്ലാദേശിൽ വർദ്ധിച്ചുവരുന്ന അക്രമവും അരാജകത്വവും തടയാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യത്തെ വിവിധ ന്യൂനപക്ഷ സമൂഹങ്ങൾ ധാക്കയിലെ നാഷണൽ പ്രസ് ക്ലബ്ബിന് മുന്നിൽ ഒത്തുകൂടി. സ്വാതന്ത്ര്യ സമര സേനാനിയും സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനുമായ ജെ.കെ. പാൽ അധ്യക്ഷത വഹിച്ച പ്രതിഷേധ റാലിയിൽ നിരവധി പേർ പങ്കെടുക്കുകയും ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. നിയമവാഴ്ച പുനഃസ്ഥാപിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## BANGLADESH - JOURNALISM

ബംഗ്ലാദേശിൽ, സർക്കാരുകളോട് സത്യം പറയാൻ കഴിവുള്ള ഒരേയൊരു ഉപാധി സ്വതന്ത്ര പത്രപ്രവർത്തനമാണെന്നും, മാധ്യമങ്ങൾക്കെതിരായ ആക്രമണങ്ങൾ ജനാധിപത്യത്തിനും അടിസ്ഥാന സ്വാതന്ത്ര്യങ്ങൾക്കും ഭീഷണിയാണെന്നും ധാക്കയിൽ നടന്ന മീഡിയ കൺവെൻഷൻ 2026 ൽ എഡിറ്റർമാരും മാധ്യമ നേതാക്കളും അഭിപ്രായപ്പെട്ടു. സർക്കാരുകൾ പലപ്പോഴും പാർട്ടി അംഗങ്ങളുടെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും പ്രശംസ യാൽ ചുറ്റപ്പെട്ടിരിക്കുന്നു, എന്നാൽ സ്വതന്ത്ര പത്രപ്രവർത്തനം മാത്രമാണ് അഴിമതി, നയപരമായ പരാജയങ്ങൾ, പൊതുജനങ്ങളുടെ അതൃപ്തി എന്നിവ തുറന്നുകാട്ടുന്നതെന്ന് മുതിർന്ന മാധ്യമ പ്രവർത്തകർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## PUNJAB - BORDER FENCING

പഞ്ചാബിലെ അതിർത്തി സംരക്ഷണ വേലി അന്താരാഷ്ട്ര അതിർത്തിയോട് അടുപ്പിക്കാൻ തത്വത്തിൽ അംഗീകരിച്ച് കേന്ദ്രം. പഞ്ചാബിന്റെ അതിർത്തി മേഖലയിലെ കർഷകർക്ക് നിലവിൽ സംരക്ഷണ വേലിക്ക് അപ്പുറത്തുള്ള ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമിയിൽ, തടസ്സമില്ലാതെ കൃഷി ചെയ്യുന്ന തിന് ഈ നീക്കം വഴിയൊരുക്കും. പാകിസ്ഥാനുമായി 532 കിലോമീറ്റർ നീള മുള്ള അതിർത്തി പങ്കിടുന്ന പഞ്ചാബിലെ, നൂറുകണക്കിന് കർഷകർക്ക് നിലവിൽ, ഭൂമി ഉഴുതുമറിക്കുന്നതിന് സുരക്ഷാ കാരണങ്ങളാൽ അതിർത്തി സുരക്ഷാ സേനയുടെ അനുമതി ആവശ്യമാണ്.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല മകരവിളക്ക് തീർഥാടനത്തിൻ്റെ സമാപന ചടങ്ങുകൾക്ക് തുടക്കമായി. തിരുവാഭരണ വിഭൂഷിതനായ അയ്യപ്പ ദർശനം ഇന്നലെ രാത്രി അത്താഴ പൂജയോടെ അവസാനിച്ചു. മണിമണ്ഡപത്തിൽ മകര സംക്രമ ദിനം മുതൽ അഞ്ച് ദിവസത്തേയ്ക്ക് നടക്കുന്ന കളമെഴുത്തിന് ഇന്ന് സമാപനമാകും.

&&&&&&&&&&&&&&&&&&

## SCHOOL YOUTH FESTIVAL

64-ാമത് കേരള സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. വൈകുന്നേരം തേക്കിൻകാട് മൈതാനത് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉത്ഘാടനം ചെയ്യും. നടൻ മോഹൻലാലും പരിപാടിയിൽ പങ്കെടുക്കും. പോയിൻറ് പട്ടികയിൽ കണ്ണൂർ ജില്ലയാണ് മുന്നിൽ. തൃശൂർ രണ്ടാം സ്ഥാനത്തും പാലക്കാട് മൂന്നാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&